അപകട നിലയിലായ ഡാമുകൾ

24 [3164] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി പദ്ധതിയിലെ പ്രധാന ഡാമുകളായ ആനത്തോടും പമ്പയും എന്നാണ് നിർമ്മിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഡാമുകൾ അപകട നിലയിലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തൊക്കെ നടപടികളാണ് ഇതിനെ തുടർന്ന് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) ഡാമിന് ബലക്ഷയമാണെന്ന വാർത്ത അറിഞ്ഞ ഏതൊക്കെ ജില്ലകളിലെ ജനങ്ങളാണ് ഇപ്പോൾ ആശങ്കയിൽ ജീവിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഡാമുകൾക്ക് ബലക്ഷയം ഉണ്ടായ സ്ഥിതിക്ക് പുതിയ ഡാമുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1967-ൽ.

(ബി) പ്രസ്തുത ഡാമുകൾ ഇപ്പോൾ അപകടാവസ്ഥയിൽ അല്ലെങ്കിലും, കാലപ്പഴക്കം കൊണ്ട് ഡാമുകളുടെ സുരക്ഷിതത്വത്തിനായി ചില അറ്റകുറ്റപ്പണികൾ അത്യാവശ്യമായി ചെയ്യേണ്ടതുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ഡാമുകൾ 2000-ൽ കേന്ദ്ര ജല കമ്മീഷന്റെ (സി. ഡബ്ളിയു. ഡി.) ഡാം സേഫ്റ്റി റിഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് (ഡി. എസ്. ആർ. ഡി.) പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ആനത്തോട് ഡാമിൽ കണ്ടുവരുന്ന ചോർച്ച ഫലപ്രദമായി തടയുന്നതിന് വേണ്ട സാങ്കേതികമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ഇതിനുള്ള ഡിസൈൻ നൽകുക എന്നിവ കൺസൾട്ടൻസി അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ജലകമ്മീഷൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഇതിന് 3.43 ലക്ഷം രൂപയാണ് കേന്ദ്ര ജല കമ്മീഷന്റെ ഡാം സേഫ്റ്റി റീഹാബിലിറ്റേഷൻ ഡയറക്ടറേറ്റ് ആവശ്യപ്പെട്ടത്.

താരതമ്യേന ചെലവു കുറഞ്ഞ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുവാൻ വൈദ്യുതി ബോർഡ് ആവശ്യപ്പെട്ട സാഹചര്യത്തിൽ ചീഫ് എൻജിനീയർ (ഐ. പി. ഡി. എസ്.) ഡയറക്ടർ, റിസർച്ച് ഓർഗനൈസേഷൻ, പള്ളം, മറ്റ് ഫീൽഡ് എൻജിനീയർമാരോടൊപ്പം 23-6-2003-ൽ പ്രസ്തുത ഡാമുകൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ആനത്തോട് ഡാമിൽനിന്നും കൂടിയ അളവിൽ വെള്ളം ഊർന്നു വരുന്നുണ്ടെങ്കിലും (സിപ്പേജ്), ആശങ്കാജനകമായ സ്ഥിതിവിശേഷം ഒന്നും ഇല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ഈ ഡാമുകളുടെ സുരക്ഷിതത്വത്തിന് വേണ്ട അറ്റകുറ്റപ്പണികളെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തി സുരക്ഷിതത്വത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആശങ്കാജനകമായ സ്ഥിതി വിശേഷം തൽക്കാലം നിലവിലില്ല.

(ഇ) പുതിയ ഡാമുകൾ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിലുള്ള ഡാമുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഡാമുകളുടെ സുരക്ഷതത്വം ഉറപ്പുവരുത്താൻ കഴിയും എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly